# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2292

08.12.2015-ലെ മറുപടിയ്ക്ക്

### ധാര പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കെ.നാരായണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് ധാര എന്ന പേരിൽ പദ്ധതി നടപ്പാക്കുമെന്ന് 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 'ധാര പദ്ധതി' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. |
| (ബി) | ഇതിന്റെ ആദ്യഘട്ടമായി ഏതെല്ലാം സ്ഥലങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതിന് തീരുമാനിച്ചിരുന്നത് ; | (ബി) | 'ധാര പദ്ധതി'യുടെ ആദ്യഘട്ടമായി നെടുമങ്ങാട്, അടൂർ, തിരുവല്ല, ശാസ്താംകോട്ട, പീരുമേട്, കുട്ടനാട്, മീനച്ചിൽ, കോതമംഗലം, തലപ്പിള്ളി, ചാവക്കാട്, മഞ്ചേരി, ചിറ്റൂർ, വടകര, മാനന്തവാടി, തളിപ്പറമ്പ്, ഹോസ്ദുർഗ്ഗ് എന്നീ താലൂക്കുകളിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെ എല്ലാ തരത്തിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. ടി താലൂക്കുകളിലെ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിലൂടെ സംഘാംഗങ്ങൾക്കും, സമൂഹത്തിനും കൂടുതൽ പ്രയോജനം ഉണ്ടാക്കുകയായിരുന്നു ലക്ഷ്യം. |

| | | | |
|---|---|---|---|
| (സി) | ഇതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്നും ഇതുവരെ എത്ര തുക വിനിയോഗിച്ച് ഏതെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ ? | (സി) | 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷികവായ്പ സംഘങ്ങൾ ഉൾപ്പെടെ എല്ലാതലങ്ങളിലുമുള്ള സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 'ധാര പദ്ധതി' നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും പ്രത്യേകം തുക ബഡ്ജറ്റിലോ/ ഉപധനാഭ്യർത്ഥനയിലോ വകയിരുത്താത്തതിനാൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ